**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ആലപ്പുഴ ജില്ല — അരൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വേണുഗോപാൽ എസ്.നെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1100/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 18.04.2018

---

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.08.2013-ലെ ഇ 4(എസ് സി 21/2013/എഎൽപി)15451/2013 നമ്പർ കത്ത്

2. സർക്കാരിന്റെ 11.05.2015-ലെ 7910/ഇപിബി2/2015/തസ്വഭവ നമ്പർ കുറ്റപത്രം
3. ശ്രീ. വേണുഗോപാൽ എസ്. സമർപ്പിച്ച 13.11.2015-ലെ പ്രതിവാദ പത്രിക
4. പഞ്ചായത്ത് ഡയറക്ടറുടെ 05.02.2016-ലെ ഡി8-7067/2014 നമ്പർ കത്ത്

**ഉത്തരവ്**

അരൂർ ഗ്രാമപഞ്ചായത്ത് 9-ാം വാർഡിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന മലബാർ പാലസ് ഹോട്ടലിനെതിരെ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അരൂർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ പൊലൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിയില്ലാതെയാണ് ടി സ്ഥാപനം പ്രവർത്തിക്കുന്നതെന്നും ഇപ്രകാരം നിയവിധേയമല്ലാതെയാണ് ടി സ്ഥാപനം പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തുകയും തുടർന്ന് ടി സ്ഥാപനം നിയമവിരുദ്ധമായി പ്രവർത്തിക്കുന്നത് തടയാതിരുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വേണുഗോപാലിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ശ്രീ. വേണുഗോപാലിന് പരാമർശം (2) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ടിയാൻ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ പ്രതിവാദ പത്രികയിൽ ടി വിഷയത്തിൽ മന:പൂർവ്വമായി യാതൊരു കൃത്യവിലോപവും താൻ നടത്തിയിട്ടില്ലെന്നും ആയതിനാൽ തുടർനടപടികൾ

സ്വീകരിക്കുന്നതിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും ടിയാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. കുറ്റപത്രത്തിന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ, ശ്രീ. വേണുഗോപാലിന് കഠിന ശിക്ഷയുള്ള കുറ്റപത്രം നല്കിയതിനാലും, കുറ്റപത്രത്തിന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ താൻ മന:പൂർവ്വമായി യാതൊരു കൃത്യവിലോപവും ചെയ്തിട്ടില്ലായെന്ന് ബോധിപ്പിച്ചിട്ടുള്ളതിനാലും ടിയാനെതിരെ ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം അരൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വേണുഗോപാൽ എസ്.നെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് **രണ്ടാഴ്ചയ്ക്കകം** സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
2. ശ്രീ. വേണുഗോപാൽ എസ്, മുൻ സെക്രട്ടറി, അരൂർ ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, അരൂർ ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.7910/ഇപിബി2/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ